LIBRARY ARCHIVES Kerala Legislative Assembly

**ദേവികുളം ബൊട്ടാണിക്കൽ ഗാർഡന്റെ നിർമ്മാണം**

41 (T 3331) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന ബൊട്ടാണിക്കൽ ഗാർഡന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുവരെ ആയെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഗാർഡന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ദേവികുളം നിയോജകമണ്ഡലത്തിൽ ദേശീയ ജൈവ വൈവിദ്ധ്യ ഉദ്യാനവും പരമ്പരാഗത വിജ്ഞാന കേന്ദ്രവും നിർമ്മിക്കുന്നതിനായി കെ.ഡി.എച്ച്. വില്ലേജിൽ സർവ്വേ 8/1-ൽ പ്പെട്ട 62.53 ഏക്കർ ഭൂമി റവന്യൂ വകുപ്പിൽനിന്നും സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡിന് കൈമാറ്റംചെയ്ത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഭൂമി കൈമാറി കിട്ടിയാലുടൻ ഉദ്യാനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാൻ സാധിക്കുന്നതാണ്.

**പരിസ്ഥിതിലോല പ്രദേശങ്ങൾ**

42(3332) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതിലോല പ്രദേശമായി എത്ര ചതുരശ്ര കിലോമീറ്റർ പ്രദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇത് സംസ്ഥാന വിസ്തീർണ്ണത്തിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ;

(ബി) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഏതെല്ലാം ഗ്രാമങ്ങളെയാണ് പരിസ്ഥിതിലോല പ്രദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 27-2-2017-ൽ S.O 667 (E) നമ്പരായി പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ സംസ്ഥാനത്തെ 123 വില്ലേജുകളിലെ ആകെ 9993.7 ച.കി.മീ പ്രദേശം പരിസ്ഥിതിലോലമായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിൽ 9107 ച.കി.മീ. വനപ്രദേശവും (Forest ESA) യും 886.7 ച.കി.മീ വനേതര പ്രദേശവും (Non Forest ESA) ആണ്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നമുറയ്ക്ക് മാത്രമേ കേരളത്തിലെ പരിസ്ഥിതി ലോല പ്രദേശങ്ങളെക്കുറിച്ചും ആയതിന്റെ വിസ്തൃതിയെക്കുറിച്ചും അന്തിമമായി അറിയിക്കുവാൻ കഴിയുകയുള്ളൂ.

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 27-2-2017-ൽ S.O 667 (E) നമ്പരായി പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ പരിസ്ഥിതിലോല പ്രദേശങ്ങൾ എന്ന് രേഖപ്പെടുത്തിയിരിക്കുന്ന പ്രദേശങ്ങളുടെ പട്ടിക അടങ്ങിയ ഭാഗത്തിന്റെ ഹിന്ദി പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* കരട് വിജ്ഞാപനത്തിൽ ഇംഗ്ലീഷിലുള്ള പട്ടിക ചേർത്തിട്ടില്ല.

**അണക്കെട്ട് സുരക്ഷാ ബില്ലിന്റെ കരട്**

43(3333) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പുറത്തിറക്കിയ അണക്കെട്ട് സുരക്ഷാ ബില്ലിന്റെ കരട് സംസ്ഥാന താല്പര്യങ്ങളെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; കേന്ദ്ര പ്രതികരണം എന്തെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

(എ & ബി) കേന്ദ്ര സർക്കാർ പുറത്തിറക്കിയ 2016-ലെ ഡാം സുരക്ഷാ ബില്ലിന്റെ കരട് സംസ്ഥാന താല്പര്യങ്ങളെ എപ്രകാരം ബാധിക്കുമെന്നു പരിശോധിച്ചിട്ടുണ്ട്. കേരള സർക്കാർ പാസാക്കിയ 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിലും 2006-ലെ ഭേദഗതി ആക്ടിലും കേരളത്തിലെ ഡാമുകളുടെ സുരക്ഷിതത്വം, സംരക്ഷണം, അറ്റകുറ്റപ്പണികൾ എന്നിവ ഉറപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത ആക്ട് പ്രകാരം കേരളത്തിലെ ഡാമുകളുടെ നിലനിൽപ്പിനെക്കുറിച്ച് പഠിക്കുവാനും അറ്റകുറ്റപ്പണികളെക്കുറിച്ച് പരിശോധന നടത്തി ഉപദേശം നൽകുന്നതിനും കേരള ഡാം സേഫ്റ്റി അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങളും കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്ന അണക്കെട്ട് സുരക്ഷാ ബിൽ പ്രകാരം രൂപീകൃതമാകേണ്ട സ്റ്റേറ്റ് ഡാം സേഫ്റ്റി ഓർഗനൈസേഷന്റെ പ്രവർത്തനങ്ങളും ഒരേ സ്വഭാവത്തിലായതിനാൽ 2016-ലെ ഡാം സുരക്ഷാ ബില്ലിൽ നിർദ്ദേശിച്ചപോലുള്ള ഒരു കേന്ദ്ര നിയമം സംസ്ഥാനത്തിന്റെ അധികാരങ്ങളിലേയ്ക്കുള്ള കൈകടത്തലായതിനാൽ പ്രസ്തുത കേന്ദ്ര നിയമത്തിന്റെ ആവശ്യമില്ല എന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. ഈ നിലപാട് 23-6-2017-ലെ 11582/ISWCI/14/ജവിവ. നമ്പർ കത്ത് പ്രകാരം കേന്ദ്ര ജലവിഭവ മന്ത്രാലയത്തിനെ അറിയിക്കുകയും പ്രസ്തുത നിയമം നടപ്പിലാക്കുകയാണെങ്കിൽ സംസ്ഥാന താല്പര്യം സംരക്ഷിച്ചുകൊണ്ട് പ്രസ്തുത ആക്ടിൽ വരുത്തേണ്ട ഭേദഗതികളും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly